# വാർഷിക മൂല്യനിർണയം 2017–18

ക്ലാസ്സ് : 6

സാമൂഹ്യശാസ്ത്രം

സമയം: 2 മണിക്കൂർ

## *നിർദേശങ്ങൾ*

- ആദ്യത്തെ 15 മിനിട്ട്, ചോദ്യങ്ങൾ നന്നായി വായിച്ച് മനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)
- എട്ടു പ്രവർത്തനങ്ങൾ ഉള്ളതിൽ നന്നായി അറിയാവുന്ന ആറു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
- തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതാൻ ശ്രമിക്കേണ്ടതാണ്.

www.educationobserver.com/forum

**പ്രവർത്തനം: 1**

* **അവകാശങ്ങൾക്ക് അനുസൃതമായി കടമകളും നമുക്കുണ്ട്.**

- അവകാശങ്ങളേയും കടമകളേയും കുറിച്ച് നേടിയ അറിവുകൾ ഉൾപ്പെടുത്തി താഴെ നൽകിയിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| അവകാശങ്ങൾ | കടമകൾ |
|---|---|
| 1. സ്വാതന്ത്ര്യം എന്റെ അവകാശമാണ്. | ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവർക്ക് നൽകുക എന്റെ കടമയാണ് |
| 2. വാർദ്ധക്യത്തിൽ സംരക്ഷണം ലഭിക്കേണ്ടത് മാതാപിതാക്കളുടെ അവകാശം | ............................................................ |
| 3............................................................ | റോഡ് നിയമങ്ങൾ പാലിക്കൽ എന്റെ കടമയാണ്. |
| 4. വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യങ്ങളും ലഭിക്കേണ്ടത് എന്റെ അവകാശമാണ് | ............................................................ |
| 5 ............................................................ | കുട്ടിയായ എന്നെ സംരക്ഷിക്കൽ മാതാപിതാക്കളുടെ കടമയാണ്. |
| 6. ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനും അവകാശം ഉണ്ട് | ............................................................ |

പ്രവർത്തനം: 2

**★ C.E 9-ാം നൂറ്റാണ്ടുമുതൽ 18-ാം നൂറ്റാണ്ടുവരെ മധ്യകാല കേരളത്തെപ്പറ്റി അറിവു തരുന്ന സുപ്രധാന രേഖകളാണ് ചെപ്പേടുകൾ.**

എ) മധ്യകാല കേരളത്തെപ്പറ്റി അറിവുതരുന്ന ഒരു പ്രധാന ചെപ്പേടാണ് ജൂതചെപ്പേട്. ഇതിൽ ഉപയോഗിച്ചിരിക്കുന്ന ലിപിയുടെ പേര് എന്താണ്?

ബി) മധ്യകാല കേരളത്തിലെ രാജാക്കൻമാർ 'പെരുമാക്കൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. ഇക്കാലത്തെ സാമൂഹിക സാമ്പത്തിക രംഗത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം: 3

**★ "വിജ്ഞാനസമ്പാദനത്തിന് മറ്റ് രാജ്യങ്ങളിലേക്ക് ഇന്ത്യക്കാർ പോകുന്നില്ല. മറ്റു രാജ്യങ്ങളിൽ നിന്നുമുള്ളവർ ഇന്ത്യയിലേക്ക് വരികയാണ്".**

**ഇത് അമീർ ഖുസ്രുവിന്റെവാക്കുകളാണ്.**

എ) മധ്യകാല ഇന്ത്യയിലെ വിജ്ഞാനപരമായ പുരോഗതിയെക്കുറിച്ച് ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കുക.

ബി) മധ്യകാല ഇന്ത്യയിലെ ശ്രദ്ധേയമായ ഗണിതശാസ്ത്രഗ്രന്ഥമായിരുന്നു 'ലീലാവതി'. ഈ ഗ്രന്ഥം രചിച്ചത് ആരാണ്?.

പ്രവർത്തനം: 4

★

| ഗ്രാമം | നഗരം |
|---|---|
| ♦ സമൂഹത്തിൽ അയൽപക്ക ബന്ധത്തിന് സ്ഥാനമുണ്ട്. | ♦ അയൽപക്ക ബന്ധത്തിന് വലിയ സ്ഥാനമില്ല. |
| ♦ ലളിതമായ വേഷവും ജീവിത രീതിയും | ♦ വൈവിധ്യ പൂർണമായ ജീവിതരീതിയാണ്. |

**ഗ്രാമീണജീവിതവും നഗരജീവിതവും വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു.**

എ) ഗ്രാമജീവിതത്തേയും നഗരജീവിതത്തേയും താരതമ്യം ചെയ്യുക. ഇതിൽ ഏത് ജീവിതരീതിയാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത്. എന്തുകൊണ്ട്?

ബി) നഗരം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഏതാണ്? അത് പരിഹരിക്കുന്നതിനുള്ള ഏതെങ്കിലും രണ്ടു നിർദ്ദേശങ്ങൾ എഴുതുക.

പ്രവർത്തനം: 5

**★ വരും തലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള സാധ്യതയിൽ കുറവുവരാതെ തന്നെ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനമാണ് സുസ്ഥിരവികസനം.**

എ) സുസ്ഥിരവികസനത്തിന് നമുക്ക് ഒരുമിച്ച് ചെയ്യാവുന്ന മൂന്ന് പ്രവർത്തനങ്ങൾ കുറിക്കുക.

ബി) ഒരു വ്യക്തി എന്ന നിലയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിന് ഞാൻ ഏതെല്ലാം പ്രവർത്തനങ്ങളിൽ ഏർപ്പെടും. (രണ്ട് പ്രവർത്തനങ്ങൾ എഴുതുക)

പ്രവർത്തനം: 6

**★ എ) ഭരണസമ്പ്രദായങ്ങളുടെ ചില സവിശേഷതകളാണ് താഴെ നൽകിയിരിക്കുന്നത്. അവയിൽ ജനാധിപത്യ ഭരണസമ്പ്രദായവുമായി യോജിക്കാത്തവയെ പ്രസ്തുത ഭരണസമ്പ്രദായവുമായി പൊരുത്തപ്പെടുത്തി തിരുത്തി എഴുതുക.**

1. ജനാഭിലാഷം മാനിക്കുന്നു.
2. വ്യക്തികൾക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നില്ല.
3. ഭരണാധികാരികൾ ജനങ്ങളോട് കടപ്പെട്ടിരിക്കുന്നു.
4. ഭരണാധികാരികൾക്കും ജനങ്ങൾക്കും പ്രത്യേകം നിയമമാണ്.

ബി) താഴെ നൽകിയിരിക്കുന്ന രാജ്യങ്ങളുടെ ഭരണരീതി ശരിയായി ക്രമപ്പെടുത്തി എഴുതുക.

| | രാജ്യം | ഭരണരീതി |
|---|---|---|
| 1. | ഇന്ത്യ | രാജവാഴ്ച |
| 2. | ഭൂട്ടാൻ | സുൽത്താൻ ഭരണം |
| 3. | ബ്രൂണേയ് | ജനാധിപത്യ ഭരണം |

പ്രവർത്തനം: 7

★ **ഭൂമിയുടെ ഉടമസ്ഥാവകാശം അടിസ്ഥാനമാക്കി മധ്യയൂറോപ്പിൽ രൂപപ്പെട്ട സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥിതിയാണ് 'ഫ്യൂഡലിസം'.**

എ) മധ്യകാല യൂറോപ്പിലെ ഫ്യൂഡലിസത്തിന്റെ പ്രധാന സവിശേഷ മേഖലകൾ ചുവടെ ചേർത്തിരിക്കുന്നു. അതിൽ ഏതെങ്കിലും രണ്ടു മേഖലകളിലെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

➢ സമൂഹം.

➢ കാർഷിക രംഗം.

➢ നഗരങ്ങളുടെ വളർച്ച.

➢ വിജ്ഞാനവും കലയും.

ബി) മധ്യകാല യൂറോപ്പിൽ പ്രഭുക്കൻമാരുടെ കൈവശം ഉണ്ടായിരുന്ന പ്രദേശങ്ങളെ എന്ത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

പ്രവർത്തനം: 8

★ എ) പകലും രാത്രിയും ഭൂമിയിൽ മാറി മാറി അനുഭവപ്പെടുന്നു. ഈ വസ്തുത തെളിയിക്കാൻ ഒരു പരീക്ഷണം രൂപകല്പന ചെയ്യുക.

➢ ആവശ്യമായ ഉപകരണങ്ങൾ.

➢ പരീക്ഷണ രീതി.

➢ ഫലങ്ങൾ.

ബി) പരിക്രമണഫലമായി ഭൂമിയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?.